നടപടി ക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി താമസംവിനാ പട്ടയം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

96 (620) കാങ്കോൽ നാലപ്പടമ്പ പഞ്ചായത്തിലെ വെളിച്ചം തോട്ടിൽ കൈവശക്കാർക്ക് പട്ടയം

ശ്രീ. കെ.പി. സതീഷ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കാങ്കോൽ നാലപ്പടമ്പ പഞ്ചായത്തിലെ വെളിച്ചം തോട്ടിൽ കൈവശക്കാർക്ക് ഭൂമി പതിച്ച് നൽകുവാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

കേരളഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി കൈവശക്കാർക്ക് പ്രസ്തുത ഭൂമി പതിച്ചു നൽകാമോ എന്ന കാര്യം പരിശോധിച്ച് വരികയാണ്.

97 (621) "ചക്കിപ്പാറ ഉറിയാകോട് സൈമൻ സ്മാരക റോഡിന്റെ പണി"

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ചക്കിപ്പാറ ഉറിയാകോട് സൈമൺ സ്മാരക റോഡ് ഗതാഗത യോഗ്യമാക്കുന്നത് സംബന്ധിച്ച് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ:

(ബി) ഈ റോഡ് അടിയന്തിരമായി ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ ഫണ്ടനുവദിക്കുന്നതിന് റവന്യു വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിലെ ആവശ്യം പരിശോധിച്ചു വരികയാണ്.

98 (622) പറക്കുന്നത്ത് അംഗൻവാടിക്ക് കെട്ടിടം

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ കോടുർ ഗ്രാമപഞ്ചായത്ത് ഒന്നാംവാർഡിൽ പറക്കുന്നത്ത് അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) കിട്ടിയിട്ടുള്ളതായി കാണുന്നില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly